ഉത്തരം

(എ) 238.

(ബി) 100. 14-1-2003-ലാണ് സംരക്ഷിത അദ്ധ്യാപകർക്ക് സർക്കാർ സ്കൂളിൽ നിയമനം നൽകിയിട്ടുള്ളത്.

(സി) 29-1-2003-ൽ

(ഡി) ഇല്ല.

(ഇ) ബാധകമല്ല.

2003-2004 അദ്ധ്യയന വർഷത്തെ പാലക്കാട് ജില്ലയിലെ സ്റ്റാഫ് ഫിക്സേഷൻ

116(4398) ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ സ്കൂളുകളിൽ 2003-2004 അദ്ധ്യന വർഷത്തെ സ്റ്റാഫ് ഫിക്സേഷൻ പൂർത്തീകരിച്ചുവോ ;

(ബി) എങ്കിൽ ഫിക്സേഷനിൽ ഡിവിഷൻ ഫാൾ കണ്ടെത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ :

(സി) കാറ്റഗറി തിരിച്ചുള്ള അദ്ധ്യാപക തസ്തികകളിൽ ഒന്നിലും എത്ര എണ്ണം വീതം കൂടുതലുണ്ടെന്നും എത്ര തസ്തിക കുറവുണ്ടെന്നും വ്യക്തമാക്കാമോ :

(ഡി) ഇതിന് പരിഹാരം കാണാൻ വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഇ) അഡീഷണൽ പോസ്റ്റുകൾക്ക് അംഗീകാരം നൽകുന്നത് സംബന്ധിച്ച് സർക്കാരിന്റെ നയം വിശദമാക്കുമോ ?

ഉത്തരം

(എ) പൂർത്തിയായിവരുന്നു.

(ബി & സി) തസ്തിക നിർണ്ണയ നടപടിക്രമം പൂർത്തിയായി വരുന്നതേയുള്ളൂ. അതിനുശേഷം മാത്രമേ ഡിവിഷൻ ഫാൾ ഉണ്ടോ ഇല്ലയോ എന്ന് അറിയാൻ കഴിയൂ.

(ഡി) തസ്തിക നിർണ്ണയം പൂർത്തിയായതിനുശേഷം നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതാണ്.

(ഇ) നിലവിലുള്ള സാമ്പത്തിക നിയന്ത്രണ ഉത്തരവുകൾ പ്രകാരം നടപടി എടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly